(സി) പുതുതായി സംസ്ഥാനത്ത് എത്ര കിലോമീറ്റർ റോഡുകൾ ടാർ ചെയ്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിൽ പാതകളും പാലങ്ങളും വിഭാഗത്തിൽ പദ്ധതിയിനത്തിൽ ഏകദേശം 515.85 കോടി രൂപയ്ക്കുള്ള മരാമത്ത് പണികൾ ചെയ്തിട്ടുണ്ട്. പദ്ധതിയേതരയിനത്തിൽ 453.37 കോടി രൂപയ്ക്കുള്ള പണികൾ അറേഞ്ച് ചെയ്തിട്ടുണ്ട്. ദേശീയപാത വിഭാഗത്തിൽ 239.09 കോടിയും, കെട്ടിടവിഭാഗത്തിൽ 246.34 കോടി രൂപയും ചെലവഴിച്ച് മരാമത്ത് പണികൾ ചെയ്തിട്ടുണ്ട്.

(ബി) അതാത് വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയ്ക്ക് പുറമേ, നബാർഡ്, ലോക ബാങ്ക്, കേന്ദ്ര ഉപരിതലമന്ത്രാലയം എന്നീ ഏജൻസികളിൽ നിന്നും ഫണ്ട് ലഭ്യമാക്കാറുണ്ട്.

(സി) 663 കി. മി. റോഡുകൾ പുതുതായി ടാർ ചെയ്തിട്ടുണ്ട്.

സുവർണ്ണഭൂജ പദ്ധതിക്ക് ഏർപ്പെടുത്തിയ ഡീസൽ സെസ് ഒഴിവാക്കാൻ നടപടി

31 (1341) ശ്രീ. ടി. കെ. ബാലൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രത്തിന്റെ 'സുവർണ്ണഭൂജ പദ്ധതി' എന്ന ഹൈവേ പദ്ധതിക്കായി ഏർപ്പെടുത്തിയിട്ടുള്ള ഡീസൽ സെസ് സംസ്ഥാനത്തിനകത്തു നിന്ന് പിരിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാനത്തുനിന്ന് ഈ ഇനത്തിൽ എന്ത് തുകയാണ് കേന്ദ്രത്തിന് പ്രതിവർഷം ലഭിക്കുക ;

(സി) ഈ പദ്ധതിയിൽ സംസ്ഥാനത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഈ പദ്ധതിക്കുവേണ്ടി പിരിക്കുന്ന പ്രത്യേക സെസ്സിൽ നിന്ന് സംസ്ഥാനത്തെ ഒഴിവാക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ഈ വകുപ്പിൽ ലഭ്യമല്ല.

(സി) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ദേശീയ പാതാ വികസന പദ്ധതി (എൻ.എച്ച്.ഡി.പി)യായ "ചതുഷ്കോണ റോഡ് നിർമ്മാണ"ത്തിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ എൻ.എച്ച്.ഡി.പി.യുടെ ഭാഗമായ ഉത്തര ദക്ഷിണ എക്സ്പ്രസ്വേയിൽ ബന്ധിക്കുന്ന സേലം കൊച്ചി പാത നാലുവരിയാക്കുന്ന പ്രവൃത്തികളെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly